പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.323 28.1.2019 ൽ മറുപടിയ്ക്ക്

# ആൾ കേരള വീൽ ചെയർ റൈറ്റ്സ് ഫെഡറേഷനുള്ള ധനസഹായം

ചോദ്യം മറുപടി

ശ്രീ.ജോൺ ഫെർണാണ്ടസ്

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) 2017-2018 ലെ ബജറ്റ് പ്രകാരം ആൾ കേരള വീൽ ചെയർ റൈറ്റ്സ് ഫെഡറേഷന് 25 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടും ടി തുക ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത തുക എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) & (ബി) ആൾ കേരള വീൽ ചെയർ റൈറ്റ്സ് ഫെഡറേഷന് 25 ലക്ഷം രൂപ അനുവദിച്ചത് 27.3.2018 തീയതിയിലെ സ.ഉ(സാധാ) നം.194/2018/സാ.നീ.വ പ്രകാരമാണ്. ആയത് പ്രകാരം 28.3.2018 ന് MOU തയ്യാറാക്കി സ്ഥാപനം സമർപ്പിച്ചിരുന്നു. എന്നാൽ തുടർന്നുള്ള രണ്ട് ദിവസം പൊതു അവധി (29.3.2018, 30.3.2018) ആയതിനാൽ 31.3.2018 നാണ് Original MOU ഒപ്പ് വച്ചതും അതിൻ പ്രകാരം ബിൽ 31.3.2018 നാണ് ട്രഷറിയിൽ സമർപ്പിക്കുവാൻ കഴിഞ്ഞത്. ആയതിനാൽ ബിൽ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തി മാറ്റി വയ്ക്കുകയുണ്ടായി. 2017-18 വർഷം ട്രഷറി ക്യൂവിൽ ഉൾപ്പെട്ട ബില്ലുകൾ 2018-19 ലെ ബജറ്റ് ശീർഷകത്തിൽ നിന്നും മാറി നൽകുന്നതിന് സർക്കാർ അനുമതി ലഭിച്ചിരുന്നുവെങ്കിലും 2017-18 ൽ ട്രഷറിയിൽ സമർപ്പിച്ച ബില്ലിൽ തുക 25 ലക്ഷവും എന്നാൽ 2018-19 ൽ ടി ശീർഷകത്തിൽ 10 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിരുന്നുള്ളൂവെന്നതിനാലും മേൽ തുക ക്യൂവിലുള്ള ബില്ല് പ്രകാരം മാറി നൽകുവാൻ കഴിഞ്ഞില്ല. |

| | |
|---|---|
| | ടി സാഹചര്യത്തിൽ നടപ്പു വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സംഘടനയ്ക്ക് അനുവദിക്കുന്നതിന് അനുമതി തേടി സാമൂഹ്യനീതി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ